**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 155** **09-02-2023 - ൽ മറുപടിയ്ക്ക്**

**ഐ.ടി. ഹബ്ബ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ. എച്ച്. സലാം** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഐ.ടി. വ്യവസായത്തിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ ഐ.ടി. വ്യവസായത്തിന്റെ ഹബ്ബായി വളർത്തിയെടുക്കുന്നതിന് മൂന്ന് സർക്കാർ ഐ.ടി പാർക്കുകളും സംയോജിതമായാണ് പ്രവർത്തനങ്ങൾ നടത്തിവരുന്നത്.<br><br>മികച്ച മാർക്കറ്റിംഗ് സംവിധാനങ്ങളിലൂടെ ദേശീയ-അന്തർദ്ദേശീയ ഐ.ടി കമ്പനികളെ സംസ്ഥാനത്തേക്ക് ആകർഷിച്ച് ഐ.ടി സംരംഭങ്ങളിൽ നിക്ഷേപം നടത്തുന്നതിന് വേണ്ടി ഫലപ്രദമായ നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. അവർക്ക് ആവശ്യാനുസരണം SEZ/NON SEZ മേഖലകളിൽ ഭൂമി, കെട്ടിടങ്ങൾ, സ്മാർട്ട് ബിസിനസ്സ് ഓഫീസുകൾ, കോ-വർക്കിംഗ് സ്പെയിസുകൾ, ജലം, വൈദ്യുതി, കണക്റ്റിവിറ്റി സൗകര്യങ്ങൾ അപ്രോച്ച് റോഡുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും ഐ.ടി പാർക്കുകൾ സജ്ജീകരിച്ചിട്ടുണ്ട്.<br><br>പാർക്കുകൾ നേരിട്ടും ഉപസംരംഭകർ മുഖേനയും ഈ സർക്കാരിന്റെ കാലത്ത് പുതുതായി വികസിപ്പിച്ച 62000 ച. അടി ഉൾപ്പെടെ 201.62 ലക്ഷം ച. അടി അടിസ്ഥാന സൗകര്യങ്ങൾ ഐ.ടി. പാർക്കുകളിൽ നിലവിലുണ്ട്.<br><br>ടെക്നോപാർക്കിന്റെ നാലാം ഘട്ടമായ ടെക്നോസിറ്റിയിൽ വികസിപ്പിക്കുന്ന ഒരേ ക്യാമ്പസിൽ ജോലി, ഷോപ്പിംഗ് സൗകര്യങ്ങൾ, പാർപ്പിട സൗകര്യങ്ങൾ, ആശുപത്രികൾ, സ്കൂളുകൾ, കോളേജുകൾ എന്നിവ ഉൾപ്പെടെയുള്ള സൗകര്യങ്ങളുള്ള ഒരു സംയോജിത മിനി ടൗൺഷിപ്പ് പദ്ധതിയായ 'QUAD' ന് സർക്കാർ അംഗീകാരം |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്. ഏകദേശം 30 ഏക്കറിൽ 1600 കോടി രൂപ മുതൽമുടക്കിൽ പദ്ധതി പൂർത്തിയാകുമ്പോൾ 40 ലക്ഷം ചതുരശ്ര അടി ബിൽറ്റ്-അപ്പ് സ്പെയിസ് സൃഷ്ടിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. 2025 പകുതിയോടെ പ്രസ്തുത പദ്ധതി പൂർത്തിയാക്കുവാൻ ലക്ഷ്യമിടുന്നു.<br><br>2022-23 സാമ്പത്തിക വർഷത്തിലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച എൻ.എച്ച് 66-ന് സമാന്തരമായി ഐ.ടി. ഇടനാഴികൾ സ്ഥാപിക്കുന്ന പദ്ധതിയ്ക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. തിരുവനന്തപുരം ടെക്നോപാർക്ക് (ഫേസ് 3) മുതൽ കൊല്ലം വരെയും ചേർത്തല മുതൽ എറണാകുളം വരെയും എറണാകുളം മുതൽ കൊരട്ടി വരെയും കോഴിക്കോട് മുതൽ കണ്ണൂർ വരെയും ദേശീയപാത–66ന് സമാന്തരമായാണ് ഐ.ടി. ഇടനാഴികൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്. കൊല്ലത്തും കണ്ണൂരിലും പുതിയ ഐ.ടി പാർക്കുകൾ സ്ഥാപിക്കുവാനും ഉദ്ദേശമുണ്ട്.<br><br>ദേശീയ പാതയോട് ചേർന്ന് കണ്ണൂർ മുതൽ തിരുവനന്തപുരം വരെ 5 ജി സാങ്കേതിക വിദ്യയിലധിഷ്ഠിതമായി 20 ചെറുകിട ഐ.ടി പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.<br><br>2022-23 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്ന വർക്ക് നിയർ ഹോം (WNH) പദ്ധതിയ്ക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. നിലവിലെ മൂന്ന് സർക്കാർ ഐ.ടി പാർക്കുകളിൽ നിന്ന് അകലെയായി ആ സ്ഥലത്തെ ഇപ്പോഴത്തെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി കൊണ്ട് 5000 മുതൽ 50,000 വരെ ചതുരശ്ര അടി വിസ്തൃതിയിൽ ഐ.ടി സ്പെയിസുകൾ സജ്ജീകരിക്കുന്നതാണ് നിർദ്ദിഷ്ട വർക്ക് നിയർ ഹോം മാതൃക.<br><br>തിരുവനന്തപുരം ടെക്നോപാർക്കിൽ 4 ലക്ഷം ച. അടിയിലും, കൊച്ചി ഇൻഫോപാർക്കിൽ 3 ലക്ഷം ച. അടിയിലും ഐ.ടി. മന്ദിരങ്ങൾ പണിയാനുള്ള നടപടികൾ പുരോഗതിയിലാണ്. |
| (ബി) | പ്രമുഖ ഐ.ടി. കമ്പനികളെ ആകർഷിക്കുന്നതിനും അതുവഴി സംസ്ഥാനത്തെ ഐ.ടി. വ്യവസായത്തിന്റെ ഹബ്ബായി വളർത്തിയെടുക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | സംസ്ഥാനത്തെ ഐ.ടി. വ്യവസായത്തിന്റെ ഹബ്ബായി വളർത്തിയെടുക്കുന്നതിന് മൂന്ന് സർക്കാർ ഐ.ടി പാർക്കുകളും സംയോജിതമായാണ് പ്രവർത്തനങ്ങൾ നടത്തിവരുന്നത്.<br><br>മികച്ച മാർക്കറ്റിംഗ് സംവിധാനങ്ങളിലൂടെ ദേശീയ-അന്തർദ്ദേശീയ ഐ.ടി കമ്പനികളെ |

സംസ്ഥാനത്തേക്ക് ആകർഷിച്ച് ഐ.ടി സംരംഭങ്ങളിൽ നിക്ഷേപം നടത്തുന്നതിന് വേണ്ടി ഫലപ്രദമായ നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. അവർക്ക് ആവശ്യാനുസരണം SEZ/NON SEZ മേഖലകളിൽ ഭൂമി, കെട്ടിടങ്ങൾ, സ്മാർട്ട് ബിസിനസ്സ് ഓഫീസുകൾ, കോ-വർക്കിംഗ് സ്പെയിസുകൾ, ജലം, വൈദ്യുതി, കണക്ടിവിറ്റി സൗകര്യങ്ങൾ അപ്രോച്ച് റോഡുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും മറ്റു അനുബന്ധ സൗകര്യങ്ങളും ഐ.ടി പാർക്കുകൾ സജ്ജീകരിച്ചിട്ടുണ്ട്.

പാർക്കുകൾ നേരിട്ടും ഉപസംരംഭകർ മുഖേനയും ഈ സർക്കാരിന്റെ കാലത്ത് പുതുതായി വികസിപ്പിച്ച 62000 ച. അടി ഉൾപ്പെടെ 201.62 ലക്ഷം ച. അടി അടിസ്ഥാന സൗകര്യങ്ങൾ ഐ.ടി. പാർക്കുകളിൽ നിലവിലുണ്ട്.

ടെക്നോപാർക്കിന്റെ നാലാം ഘട്ടമായ ടെക്നോസിറ്റിയിൽ വികസിപ്പിക്കുന്ന ഒരേ ക്യാമ്പസിൽ ജോലി, ഷോപ്പിംഗ് സൗകര്യങ്ങൾ, പാർപ്പിട സൗകര്യങ്ങൾ, ആശുപത്രികൾ, സ്കൂളുകൾ, കോളേജുകൾ എന്നിവ ഉൾപ്പെടെയുള്ള സൗകര്യങ്ങളുള്ള ഒരു സംയോജിത മിനി ടൗൺഷിപ്പ് പദ്ധതിയായ 'QUAD' ന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഏകദേശം 30 ഏക്കറിൽ 1600 കോടി രൂപ മുതൽമുടക്കിൽ പദ്ധതി പൂർത്തിയാകുമ്പോൾ 40 ലക്ഷം ചതുരശ്ര അടി ബിൽറ്റ്-അപ്പ് സ്പെയിസ് സൃഷ്ടിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. 2025 പകുതിയോടെ പ്രസ്തുത പദ്ധതി പൂർത്തിയാക്കുവാൻ ലക്ഷ്യമിടുന്നു.

**20**22-23 സാമ്പത്തിക വർഷത്തിലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച എൻ.എച്ച് 66-ന് സമാന്തരമായി ഐ.ടി. ഇടനാഴികൾ സ്ഥാപിക്കുന്ന പദ്ധതിയ്ക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. തിരുവനന്തപുരം ടെക്നോപാർക്ക് (ഫേസ് 3) മുതൽ കൊല്ലം വരെയും ചേർത്തല മുതൽ എറണാകുളം വരെയും എറണാകുളം മുതൽ കൊരട്ടി വരെയും കോഴിക്കോട് മുതൽ കണ്ണൂർ വരെയും ദേശീയപാത–66ന് സമാന്തരമായാണ് ഐ.ടി. ഇടനാഴികൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്. കൊല്ലത്തും കണ്ണൂരിലും പുതിയ ഐ.ടി പാർക്കുകൾ സ്ഥാപിക്കുവാനും ഉദ്ദേശമുണ്ട്.

ദേശീയ പാതയോട് ചേർന്ന് കണ്ണൂർ മുതൽ തിരുവനന്തപുരം വരെ 5 ജി സാങ്കേതിക വിദ്യയിലധിഷ്ഠിതമായി 20 ചെറുകിട ഐ.ടി

| | | | |
|---|---|---|---|
| | | | പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.<br><br>2022-23 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്ന വർക്ക് നിയർ ഹോം (WNH) പദ്ധതിയ്ക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. നിലവിലെ മൂന്ന് സർക്കാർ ഐ.ടി പാർക്കുകളിൽ നിന്ന് അകലെയായി ആ സ്ഥലത്തെ ഇപ്പോഴത്തെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി കൊണ്ട് 5000 മുതൽ 50,000 വരെ ചതുരശ്ര അടി വിസ്തൃതിയിൽ ഐ.ടി സ്പെയിസുകൾ സജ്ജീകരിക്കുന്നതാണ് നിർദ്ദിഷ്ട വർക്ക് നിയർ ഹോം മാതൃക.<br><br>തിരുവനന്തപുരം ടെക്നോപാർക്കിൽ 4 ലക്ഷം ച. അടിയിലും, കൊച്ചി ഇൻഫോപാർക്കിൽ 3 ലക്ഷം ച. അടിയിലും ഐ.ടി. മന്ദിരങ്ങൾ പണിയാനുള്ള നടപടികൾ പുരോഗതിയിലാണ്. |
| (സി) | സംസ്ഥാനത്തെ മൂന്ന് ഐ.ടി. പാർക്കുകൾക്ക് പുറമെ ഐ.ടി. ഇടനാഴികളും സാറ്റലൈറ്റ് ഐ.ടി. പാർക്കുകളും സ്ഥാപിക്കാനുള്ള പദ്ധതിയെക്കുറിച്ച് വിശദമാക്കുമോ? | (സി) | 2022-23 സാമ്പത്തിക വർഷത്തിലെ ബജറ്റ് പ്രസംഗത്തിൽ എൻ.എച്ച് 66-ന് സമാന്തരമായി ഐ.ടി. ഇടനാഴികൾ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. തിരുവനന്തപുരം ടെക്നോപാർക്ക് ഫേസ് 3 മുതൽ കൊല്ലം വരെയും ചേർത്തല മുതൽ എറണാകുളം വരെയും എറണാകുളം മുതൽ കൊരട്ടി വരെയും കോഴിക്കോട് മുതൽ കണ്ണൂർ വരെയും ദേശീയപാത – 66ന് സമാന്തരമായാണ് ഐ.ടി. ഇടനാഴികൾ സ്ഥാപിക്കുവാൻ തെരഞ്ഞെടുത്തിട്ടുള്ളത്. കൊല്ലത്തും കണ്ണൂരിലും പുതിയ ഐ.ടി പാർക്കുകൾ സ്ഥാപിക്കുവാനും ഉദ്ദേശമുണ്ട്. ഇതിനായി ഭൂമി ഏറ്റെടുക്കുന്നതിന് കിഫ്ബി മുഖാന്തിരം 1000 കോടി രൂപ ലഭ്യമാക്കുമെന്നും പ്രഖ്യാപിച്ചിരുന്നു. ഐ.ടി പാർക്കിന് അനുയോജ്യമായ 15 മുതൽ 25 ഏക്കർ വരെ വിസ്തൃതിയുള്ള ഭൂമി കണ്ടെത്തി പ്രസ്തുത പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനായുള്ള റികിസിഷനിംഗ് അതോറിറ്റി (Requisitioning Authority) ആയി കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനെ (KSITIL) സർക്കാർ നിയോഗിച്ചിട്ടുണ്ട്. നിലവിൽ ദേശീയപാത 66-ന് സമാന്തരമായി ലഭ്യമാവാൻ സാധ്യതയുള്ള 76 പാർസലുകളിലായി ഏകദേശം 5000 ഏക്കറോളം ഭൂമി പ്രാഥമികമായി കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ഇതിൽ ഏതൊക്കെ ഭൂമി ഐ.ടി.പാർക്കുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തേണ്ടിയിരിക്കുന്നു. ഈ പ്രക്രിയ പൂർത്തീകരിക്കുന്നതിനായി കെ.എസ്.ഐ.ടി.ഐ.എൽ ന്റെയും ഐ.ടി. |

| | | | |
|---|---|---|---|
| | | | പാർക്കുകളുടെയും ഉദ്യോഗസ്ഥർ അടങ്ങുന്ന ഒരു സംയുക്ത സമിതിയെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ സമിതിയുടെ സ്ഥല പരിശോധന പുരോഗമിച്ചു വരികയാണ്. പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പദ്ധതിയ്ക്കായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ